# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*106 29.09.2016 ൽ മറുപടിക്ക്**

## റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, പി.കെ.അബ്ദു റബ്ബ്<br>,,എം. ഉമ്മർ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ റോഡുകളുടെ നിർമ്മിതിയിൽ ഉണ്ടാകാവുന്ന ക്രമക്കേടുകൾ നിയന്ത്രിക്കാൻ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പ് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് നടപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ചു പ്രവർത്തനം നടത്തി വരുന്നു. നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തി വരുന്നത്.<br><br>ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും പൂർണ്ണമായും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരെ കൂടാതെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിച്ച് ഗുണനിലാരം ഉറപ്പുവരുത്തുന്നുണ്ട്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പ്രവൃത്തികൾക്ക് ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി വകുപ്പിന് പുറമേയുള്ള ഒരു സ്വതന്ത്ര ഏജൻസിയെയോ വിദഗ്ധനേയോ ഉപയോഗിച്ച് പണി പൂർത്തിയാക്കുന്ന ഉടനെ തന്നെ ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പു |

വരുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും അതാത് പ്രദേശത്തെ ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ധരെയും ഉൾകൊള്ളിച്ചു കൊണ്ട് സോഷ്യൽ ഓഡിറ്റിംഗ് കമ്മിറ്റി രൂപീകരിച്ച് ഓരോ പ്രവൃത്തികൾക്കും സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികളും എടുത്തു വരുന്നു.

ബി) നിശ്ചിതകാലയളവിനു മുമ്പ് റോഡിനോ, നടപ്പാതയ്ക്കോ നാശനഷ്ടമുണ്ടാവുകയോ നിർമ്മാണ വൈകല്യം കണ്ടെത്തുകയോ ചെയ്താൽ കരാറുകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു മെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബി) നിശ്ചിതകാലയളവിനു മുമ്പ് റോഡിനോ, നടപ്പാതയ്ക്കോ കരാറുകാരന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾ മൂലം തകരാറുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരന്റെ ചിലവിൽ അത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥകൾ ഉൾകൊള്ളിക്കാറുണ്ട്. അനർഹമായ ലാഭമുണ്ടാക്കുക എന്ന ഉദ്ദേശത്തോടെ പ്രവൃത്തികളിൽ ഗുരുതരമായ ഗുണനിലവാര തകർച്ച വരുത്തുന്ന പക്ഷം പ്രസ്തുത കരാറുകാരെനെ കരിമ്പട്ടികയിൽപ്പെടുത്തുകയും കൂടാതെ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വകുപ്പ്തല നടപടികളും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ